മാലിന്യസംസ്കരണ സംവിധാനം സൗകര്യപ്പെടുത്തുക.

3. ഉറവിടത്തിൽതന്നെയുള്ള തരംതിരിച്ചുള്ള സംഭരണവും, ജൈവ വസ്തുക്കളുടെ ഉറവിട സംസ്കരണവും സാധ്യമാക്കുക.
4. ചന്ത, ആശുപത്രി, സ്കൂൾ, തുടങ്ങിയ സ്ഥലങ്ങളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുക.
5. മാലിന്യ സംസ്കരണത്തിനായി പൊതു മാലിന്യ സംസ്ക്കരണ സംവിധാനം സാദ്ധ്യമാക്കുക
6. നിഷ്ക്രിയ മാലിന്യ നിർമ്മാർജ്ജനത്തിന് സാനിട്ടറി ലാന്റ്ഫിൽ സംവിധാനം നടപ്പിലാക്കി തുടങ്ങുക.
7. ജനവാസകേന്ദ്രങ്ങൾ വൃത്തിയും വെടിപ്പുമുള്ളതുമാക്കുക.
8. എല്ലാപ്രധാന നഗരകേന്ദ്രങ്ങളിലും, തീർത്ഥാടന– വിനോദ സഞ്ചാരകേന്ദ്രങ്ങളിലും, വ്യാപാര കേന്ദ്ര ങ്ങളിലും, പൊതുസ്ഥാപനങ്ങളിലും മാലിന്യം വലിച്ചെറിയുന്ന ശീലത്തിൽ മാറ്റം വരുത്തി വൃത്തിയും വെടിപ്പുമുള്ളതാക്കുക.
9. ദ്രവമാലിന്യ പരിപാലനത്തിനായി ഒരു ദീർഘകാല കാഴ്ചപ്പാടോടുകൂടിയ രൂപരേഖ തയ്യാറാക്കുക.നിലവിലുള്ള സ്വിവറേജ് സംവിധാനം മൂന്നുമടങ്ങാക്കി വർദ്ധിപ്പിക്കുക.

സി) പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര സഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

സി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായ ത്തോടെ നിർമ്മൽ ഭാരത് അഭിയാൻ (NBA) എന്ന പദ്ധതി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങ ളിൽ നടപ്പിലാക്കി വരുന്നു. വീടുകളിലും, സ്കൂളുകൾ, അംഗനവാടി എന്നിവിടങ്ങളിൽ കക്കൂസ് നിർമ്മാണത്തിന് സഹായിക്കുക എന്നതാണ് ഈ പദ്ധതി വഴി പ്രധാനമായും ലക്ഷ്യമിടുന്നത്. ഈ പദ്ധതി വഴി ഗാർഹിക തലത്തിലുള്ള ഖര-ദ്രവ മാലിന്യ പദ്ധതി കൾക്കും സാമ്പത്തിക സഹായം ലഭിക്കു ന്നുണ്ട്.

ഡി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഡി) മാലിന്യ മുക്ത കേരളം പദ്ധതി നടപ്പിലാക്കാ നായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, റൂറൽ ഡവലപ്പ്മെന്റ് വകുപ്പ് എന്നീ വകുപ്പു കൾ വഴിയാണ് ശുചിത്വ മിഷന് തുക ലഭ്യമാ കുന്നത്. ഇപ്രകാരം ലഭിക്കുന്ന പ്ലാൻ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ പദ്ധതി നടപ്പിലാക്കാനുള്ള സാമ്പത്തിക സഹായമായി ലഭ്യമാക്കി വരുന്നു. ഖര-ദ്രവ മാലിന്യ പദ്ധതികൾ, സെപ്റ്റേജ് മാനേജ്മെന്റ്, അറവുശാലകളുടെ നിർമ്മാണം, കക്കൂസ് നിർമ്മാണം, ബോധവൽക്കരണ പ്രവർത്തന ങ്ങൾ തുടങ്ങിയവയ്ക്കാണ് ശുചിത്വ മിഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ